# B.S.S B.Ed. Training College



ALATHUR, PALAKKAD-678541
Ph:04922-224415, e-mail: bssaltr@gmail.com, website: www.bsstcaltr.com

(Recognized by NCTE Recognition No: FKL/SEC/M/136/SRO/NCTE/2004-2005/757
Affiliated to Calicut University No. G. A. I./D4/1929/05 dt.CU 23.06.2006)

# ലിപിക

*Inspirational learning and creativity*

## College Magazine

## 2024



# BSS BED. TRAINING COLLEGE

**(NAAC Accredited B++ Grade with 2.85 CGPA)**

ACCREDITED WITH GRADE B++ NAAC

## OUR VISION

लोकाः समस्ताः सुखिनो भवन्तु

"May everyone, in the whole world, be happy"

To be the Epitome of Humanity


## OUR MISSION

To empower future teachers to become real leaders of world peace.

To nurture the divine inner resources and to evolve as an integrated personality.

To develop a self-restrained, self-reliant and selfless human beings for the entire universe.

To equip prospective teachers with a global outlook imbued with India's rich heritage of cultural and spiritual values.



# ബ്രഹ്മാനന്ദസ്വാമി ശിവയോഗി

**1852-1929**

'ആനന്ദം  ആ ബ്രഹ്മം ചിന്തിക്കുമ്പോൾ
ആനന്ദക്കുട്ടികൾ നമ്മളെല്ലാം
ഞാനെന്നും നീയെന്നും ഭേദത്തെ വിട്ടതു
ധ്യാനിക്കിൽ ആനന്ദം ജ്ഞാനപ്പെണ്ണേ'
എന്നു പറഞ്ഞുതന്ന, ഞാനെന്നും
നീയെന്നും മറന്ന് എല്ലാവരും ഏകോദര
സഹോദരങ്ങളാണെന്നോർത്ത്
ആനന്ദകുതുകികളായി ജീവിക്കണം
എന്നുപദേശിച്ച ബ്രഹ്മാനന്ദസ്വാമി
ശിവയോഗികൾ.

മനുഷ്യനന്മയെക്കുറിച്ചുള്ള നിരന്തരമായ
ചിന്തയും, മനുഷ്യ സ്നേഹത്തിന്റെ പാത
പിൻപറ്റണമെന്ന ദൃഢനിശ്ചയവുമായി
നന്മനിറഞ്ഞ മനസ്സുകളിൽ ഇന്നും നിലകൊള്ളുന്നു.

ആദർശങ്ങളെ പ്രകീർത്തിക്കുക മാത്രമല്ല
അവയെ ജീവിതത്തിൽ ഓരോരുത്തരും
പകർത്തുകയായിരിക്കും അദ്ദേഹത്തോട് നമുക്കുള്ള
സ്നേഹാദരങ്ങൾ
പ്രദർശിപ്പിക്കാനുള്ള മാതൃകാമാർഗ്ഗം



**സ്വാമി നിർമ്മലാനന്ദയോഗി**
(1925 -2007)
**സ്ഥാപകൻ**
**ബി. എസ് . എസ് ബി. എഡ്. ട്രെയിനിങ് കോളേജ്**

# സമർപ്പണം

വശ്യമായ വാക്ചാതുരിയിലൂടെയും ധീരമായ പ്രവൃത്തിയിലൂടെയും കേരളീയ സാംസ്കാരിക ചരിത്രത്തിൽ സൂര്യതേജസ്സിന്റെ അമരത്വം വരിച്ച മഹാപ്രതിഭയായിരുന്നു നിർമ്മലാനന്ദയോഗി

സമൂഹത്തിന് ആത്മീയമായും ഭൗതികമായും മഹത്തായ സംഭാവന ചെയ്ത ആ ഉൽകൃഷ്ട വ്യക്തിത്വം അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കും കാലഗതി പോലും നിശ്ചലമാക്കുന്ന മാമുൽധാരണകൾക്കുമെതിരെ പ്രവർത്തിച്ച ഒരു പ്രകാശഗോപുരമായിരുന്നു.

അവസരങ്ങൾ എല്ലാവരുടെയും മുമ്പിലുണ്ട്. എന്നാൽ വളരെ കുറച്ചുപേരെ അത് അവസരമാണെന്ന് തിരിച്ചറിയുകയുള്ളൂ അവരിൽത്തന്നെ വളരെ കുറച്ചുപേർ മാത്രമേ അത് തനിക്കുള്ള അവസരമാണെന്ന് മനസ്സിലാക്കുന്നുള്ളൂ. അവരിൽത്തന്നെ കുറച്ചുപേർക്കേ.അത് വിനിയോഗിക്കാനുള്ള സ്വപ്നങ്ങളുള്ളൂ. സ്വപ്നങ്ങൾ ഉള്ളവരിൽ തന്നെ -- വളരെ കുറച്ചുപേരെ അത് സഫലമാക്കാനുള്ള ശ്രമങ്ങൾ നടത്തു. അവരിൽത്തന്നെ ഒരു ന്യൂനപക്ഷത്തിനു മാത്രമേ മറ്റുള്ളവരുടെ നിരുത്സാഹപ്പെടുത്തലുകളെ അതിജീവിച്ച് മുന്നേറാൻ കഴിയൂ.അവരാണ് ലോകത്ത് ചരിത്രം സൃഷ്ടിക്കുന്നത്. അവരാണ് വിജയകഥകൾ സൃഷ്ടിക്കുന്നത്

ശരിയായ സമയത്ത് ശരിയായ സ്ഥലത്ത് ശരിയായ ആളുകളുമായി പ്രവർത്തിക്കാൻ കഴിയുന്നതാണ് ഭാഗ്യം. അതിനു കഴിഞ്ഞ ഒരു *മഹായോഗിയായിരുന്നു നിർമ്മലാനന്ദയോഗി



## Sri. C. BALACHANDRAN

**Secretary, B S S Education Society**

"മനുഷ്യൻ നന്നാവാൻ മനസ്സു നന്നായാൽ മതി" എന്ന ആപ്തവാക്യത്തിലൂടെ മാനവികതയുടെ സന്ദേശം ലോകത്തിനു നൽകിയ ലോകഗുരു ബ്രഹ്മാനന്ദസ്വാമി ശിവയോഗിയുടെ നാമധേയത്തിൽ അദ്ദേഹത്തിന്റെ പ്രശിഷ്യൻ സ്വാമി നിർമ്മലാനന്ദയോഗി സ്ഥാപിച്ചതാണ് ബി.എസ്.എസ്. ബി.എഡ് ട്രെയിനിംഗ് കോളേജ്. സ്നേഹവും, അഹിംസയും ജനമനസ്സുകളിൽ നിറയ്ക്കാൻ കഴിയുന്ന മൂല്യബോധമുള്ള ഒരു യുവതലമുറയെ വാർത്തെടുക്കാൻ കഴിയുന്നവരാകട്ടെ ഈ സ്ഥാപനത്തിൽ നിന്നും പുറത്തു വരുന്ന അധ്യാപിക-അദ്ധ്യാപകന്മാർ എന്ന് ആശംസിക്കുന്നു.

നമ്മുടെ സ്ഥാപനത്തിന്റെ തിരുനെറ്റിയിൽ ചൂടുന്ന ഒരു പൊൻ തൂവലാകട്ടെ ഈ മാഗസിൻ എന്നും ആശംസിക്കുന്നു. എല്ലാവർക്കും ഗുരു കാരുണ്യം ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

C. Balachandran



## Dr. VIJAYAN. V. ANAND

**Director, B S S B.Ed. Training College**

"WHO IS THE "REAL TEACHER"?"

Often this question is to be asked ourselves since we are in this very divine profession where the entire universal system depends. When we take the statistics of the number of professions in this world, we come to know that teaching profession stands first. Whether all of them truly understand the real meaning of the above question is to be analyzed.

I hope the days you spend in this institution will provide you the real meaning of this question.

"Be a responsible teacher"

I wish all the best for all your endeavors




## Dr. K. S. BALAMBIKA

**Principal, B S S B.Ed. Training College**

Dear children,

You are all well equipped now to embrace life and to make a significant contribution to the future of your world. Wellbeing takes priority; Wrap up yourself with a good portion of spiritual, emotional, and physical health and a capacity to cope and thrive. Among all the personal qualities you possess like respect, dignity, compassion, generosity, truth, kindness and many more, I wish to remind you about the most important quality Integrity. Be true to yourself, honest, upright, and decent in your relationship with others. Integrity by its very nature implies consistency. It means being sound, faithful, truthful, through and through, top to bottom. Integrity is of the heart and demands courage.

"May your beautiful heart be filled with all the values and qualities integrity embodies. May God bless you abundantly always."

# ഗുരുവന്ദനം

ബ്രഹ്മാനന്ദം പരമസുഖദം
കേവലം ജ്ഞാനമൂർത്തീം
ദ്വന്ദാതീതം ഗഗനസദൃശം
തത്വമസ്യാദി ലക്ഷ്യം
ഏകം നിത്യം വിമലമചലം
സർവ്വധി സാക്ഷിഭൂതം
ഭാവതീതംത്രിഗുണരഹിതം
സദ്ഗുരും തം നമാമി
ആനന്ദ ഏവ വിജയതേ
മനഃസ്വസ്ഥതൈവാനന്ദ
മനോജയ ഏവമഹാജയേവ
അഹിംസൈവ പരമോധർമ്മഃ

# സന്ദേശം



GOVERNMENT OF KERALA

**Pinarayi Vijayan**

CHIEF MINISTER

No. 843/Press/CMO/24 16 October, 2024.

## MESSAGE

I am glad to note that the Brahmananda Swami Sivayogi B.Ed Training College, Alathur, Palakkad, is planning to publish a magazine titled *'Lipika'* for the current academic year.

I hope that the magazine would provide an excellent opportunity through various genres of writing. I appreciate the students' community for taking the responsibility in bringing up this magazine, while expressing their talents.

My best wishes.

**Pinarayi Vijayan**

**The Principal**
B.S.S. B.Ed. Training College
E-mail : bssaltr@gmail.com

141, 3rd Floor, North Block, Government Secretariat, Thiruvananthapuram Pin 695001 T 0471 2333241, 2333812, 2333610 F 0471 2333489
E chiefminister@kerala.gov.in facebook.com/cmokerala twitter.com/cmokerala
Residence Cliff House T 0471 2318406, 2314853
www.keralacm.gov.in

# എഡിറ്റോറിയൽ



കെ. രോഷിണി
Magazine Editor

Dear readers,
I feel great joy and happiness to present before you, our edition of the college magazine " LIPIKA". The aim of our magazine is to put in all the creative voices of the students and staff of our college.
"LIPIKA" - 'Inspirational learning and creativity' portrays the mesmerizing and enthralling inputs of all. The magazine is a web of both reality and imagination woven through various emotions of all the writers. The articles, poems, short stories drawings to name a few provides an inevitable and beautiful journey through the array of talents of the writers.
The making of this magazine has been hassle free as the team discussed each work and sorted out things. I am truly honored and grateful to be a part of this editorial board.
I extend my gratitude to the management, our principal, teachers and students for supporting us and providing us a golden opportunity to compile the various notions of all. I thank my fellow editors and also the teacher editors who helped in editing and designing our magazine.
I here invoke Pablo Picasso's words " Art washes away from the soul the dust of everyday life."
I hope all of you can delve into a fascinating world of art through our magazine.
Have an enjoyable reading.

# ലിപിക

Inspirational learning and creativity

## 2023-2024

## Editorial Committee

| | |
|---|---|
| Magazine Name | ലിപിക<br>Inspirational learning and creativity |
| Academic Year | 2023-2024 |
| Chief Editor | Dr.K.S.Balambika<br>Principal |
| Staff Editors | Mrs. Meera T N<br>Assistant Professor in Social Science Education<br>Miss. Salabha B<br>Assistant Professor in ICT |
| Student Editor | Mrs. K Roshishi<br>English Option |
| Student Editorial Board | Greeshma K (Commerce Option)<br>Syama M (English Option)<br>Rachana B (Mathematics Option)<br>Keerthylal K (Physical Science Option)<br>Mubeena K M (Social Science Option) |
| Design, Layout & Concept | Miss. Salabha B<br>Assistant Professor in ICT<br>Mrs. Meera T N<br>Assistant Professor in Social Science Education |

# ലിപിക

Inspirational learning and creativity

## Our Teaching Team



Dr. K S Balambika
Principal



Mrs. Rasmi V M
Asst. Prof. In Commerce Education



Mrs. Meera T N
Asst. Prof. In Social Science Education



Mrs. Neema Surendran
Asst. Prof. In English Education



Mr. Prijith E P
Asst. Prof. In Physical Science Education



Mr. Charles F
Asst. Prof. In Mathematics Education



Mrs. Janitha S
Asst. Prof. In Mathematics Education



Mrs. Jini M George
Asst. Prof. In General Education



Mr. Santhosh T
Asst. Prof. In General Education



Mrs. Priyanka Raj
Asst. Prof. In General Education



Miss. Salabha B
Asst. Prof. In ICT



Mr. Santhosh V
Asst. Prof. In Physical Education



Mr. Sagardas P H
Asst. Prof. In Music

# താളുകൾ


| SI.No | Content and Author | Page.No |
|---|---|---|
| 1 | REDEMPTION - Aiswarya J (Dept. Of Physical Science Education) | 01 |
| 2 | എന്റെ കൂവളം - Aswathy C (Dept. Of Commerce Education) | 02 |
| 3 | AN IDEAL TEACHER - Keerthy J (Dept. Of Physical Science Education) | 03 |
| 4 | എഴുത്തിലെ 'മായ' സ്പർശം- Talk With Writer Mrs. Maya Kiran | 04 |
| 5 | ഞാൻ - Greeshma M (Dept. Of Mathematics Education) | 07 |
| 6 | Art of Lines - Harishma M H (Dept. Of Social Science Education) | 08 |
| 7 | IT'S THE LITTLE THINGS!! - Syama M (Dept. Of English Education) | 09 |
| 8 | കുന്നിക്കുരു - Anila A (Dept. Of Commerce Education) | 10 |
| 9 | Art of Lines - Syama M (Dept. Of English Education) | 11 |
| 10 | Alone - Neema Surendran (Asst. Pro. In English Education) | 12 |
| 11 | മഴനൂലുകൾ - Asna Sherin P V (Dept. Of English Education) | 13 |
| 12 | Art of Lines - Rachana B (Dept. Of Social Science Education) | 14 |
| 13 | The Silent Witch - Aiswarya P K (Dept. Of Mathematics Education) | 15 |

# താളുകൾ


| SI.No | Content and Author | Page.No |
|---|---|---|
| 14 | शिक्षा का महत्व। - Keerthylal K (Dept. Of Physical Science Education) | 16 |
| 15 | Art of Lines - Midhuna S (Dept. Of Commerce Education) | 17 |
| 16 | കനൽ - Greeshma K (Dept. Of Commerce Education) | 18 |
| 17 | The Hidden Heart - Vidya M (Dept. Of Commerce Education) | 19 |
| 18 | Midnight Cravings.. - Soorya C S (Dept. Of English Education) | 20 |
| 19 | Art of Lines - Greeshma K (Dept. Of Commerce Education) | 21 |
| 20 | അവൾ - Midhuna S (Dept. Of Commerce Eduaction) | 24 |
| 21 | WAR - Almas Abdul (Dept. Of Physical Science Education) | 25 |
| 22 | Rain - K Roshini (Dept. Of English Education) | 26 |
| 23 | Art of Lines - Syama M (Dept. Of English Education) | 27 |
| 24 | പേരുനഷ്ടപ്പെട്ടവർ - Greeshma K (Dept. Of Commerce Education) | 28 |
| 25 | The Road to Success - Sulfiya S (Dept. Of English Education) | 29 |
| 26 | കൂട്ടുകെട്ട് - Aswathi C (Dept. Of Commerce Education) | 30 |

# താളുകൾ


| SI.No | Content and Author | Page.No |
|---|---|---|
| 27 | Art of Lines - Greeshma K (Dept. Of Commerce Education) | 31 |
| 28 | ECOHES OF REGRET - Shilpa S (Dept. Of English Education) | 32 |
| 29 | ഓർമ്മകൾ - Harishma M H (Dept. Of Social Science Education) | 33 |
| 30 | JOURNEY TO SUCCESS - Asna Sherin P V (Dept. Of English Education) | 34 |
| 31 | THE FIRST SHOWER - K Roshini (Dept. Of English Education) | 35 |
| 32 | THE FURRY INTRUDER OF THE NIGHT - Syama M (Dept. Of English Education) | 36 |
| 33 | മഴ - Hridhya Surendran (Dept. Of Social Science Education) | 37 |
| 34 | കള്ളച്ചിരി - Meera T N (Asst. Prof. In Social Science Education) | 38 |
| 35 | Written in Light - Jincy M (Dept. Of Mathematics Education) | 39 |
| 36 | Written in Light - Almas Abdul (Dept. Of Physical Science Education) | 40 |
| 37 | Written in Light - Greeshma K (Dept. Of Commerce Education) | 41 |
| 38 | Written in Light - Salabha B (Asst. Prof. In ICT) | 42 |
| 39 | നീ-ശബ്ദം.. - Jini M George (Asst. Prof. In General Education) | 43 |
| 40 | The Dance of Numbers - Janitha S (Asst. Prof. In Mathematics Education) | 44 |
| 41 | Book Review on "രണ്ടാമൂഴം"-എം ടി - Salabha B (Asst. Prof. In ICT) | 45 |



# REDEMPTION


Entangled days
Escape is not near
Fingers converging from every nook
Couldn't see a ray of hope

Explore the unusual
Fumed the fears and obligations
Some doors opened
A ray turned up

Reached a stage of obsolete
Dear ones put me in good stead
A tad bit perplexed
Embracing the random ones
Emergence of hope again



**Aishwarya J**
Physical Science Option



# എന്റെ കൂവളം

കാറ്റിൽ ആടിയുലഞ്ഞ് ഒരു നൂറു കാലം,
ആകാശത്തെ തൊട്ട് തലോടനായി ഉള്ള മോഹം,
മഴക്കായി ഉള്ള കാത്തിരുപ്പ് മാത്രം.

തളിരിട്ട് പൂത്ത് നിറമാല ചാർത്താൻ,
വിരിയുന്ന ഇലകളെ നിങ്ങളിൽ ആണെന്റെ,
സ്വപ്നത്തിൻ ഇതളുകൾ എല്ലാം.

മണ്ണിലേക്ക് നിന്റെ ഓർമതൻ വേരുകൾ,
ആഴ്ന്ന് ഇറങ്ങുന്നതും അതിൽ നിന്റെ,
ജീവിത പ്രതീക്ഷതൻ വഴി തെളിയുന്നതും.

കൊഴിഞ്ഞു പോയ ഇലകളെ നിങ്ങൾ,
ഓർമകളെ തലോലിക്കുന്നൂ, നിന്നിലെ
കാറ്റിൻ തലോടലിനായി കാത്തുനിൽക്കുന്നു.

വസന്തത്തെ വരവേൽക്കാൻ നിൽക്കുന്ന,
ഒരോ തളിരും പുതിയ സ്വപ്നങ്ങളിൽ,
ചിറകടിച്ചുയരാൻ കാത്തുനിൽക്കുന്നു.

ഗ്രീഷ്മത്തേകാൾ ചൂടേറി നിൽക്കുന്ന,
നിന്നിലെ തീ ആളികത്തുന്നതോ,
ജീവിത പരാജയങ്ങളെ നേരിടാനായി മാത്ര.



ASWATHY C
Commerce Option



# AN IDEAL TEACHER

Starting from the staff room thinking deeply
Arriving at the class actively
And the students welcome warmly
Standing close to the board majestically
Holding the chalk in the hand artistically
Smiling at the students naturally
Treating the students equally
Giving the lecture impressively
Teaching the loving chapters interestingly
Explaining with examples sincerely
Making the students shine brightly
Understanding the students lovingly
Speaking English fluently
Correcting the student's errors minutely
Valuing the paper objectively
Getting angry occasionally
Asking questions frequently.
You inspire all greatly!



**Keerthy J**
Physical Science Option



# എഴുത്തിലെ 'മായാ' സ്പർശം

*മായാ കിരണും ഞങ്ങളും തമ്മിൽ...*



**എപ്പാഴാണ് എഴുത്തിനോട് താല്പര്യം തോന്നിത്തുടങ്ങിയത് ? എഴുതുവാൻ ഏറ്റവും കൂടുതൽ പിന്തുണ നൽകിയത് ആരാണ്?**

പണ്ട് തൊട്ടേ എഴുതുവാൻ ഇഷ്ടമാണ്. സീരിയസ് ആയിട്ടുള്ള ഒരു എഴുത്ത് അത് ഒരിക്കലും പ്രതീക്ഷിച്ചിട്ടില്ല. ഡയറി എഴുതുന്ന ശീലം എനിക്ക് പണ്ടുമുതൽക്കെ ഉണ്ട്. പക്ഷേ, എഴുതുന്നത് ആരും അറിയാതിരിക്കാൻ ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അത്രയും മനോഹരമായ ഭാഷ ആയതുകൊണ്ട് ആരെങ്കിലും കണ്ടാൽ അത് നാണക്കേടാണ്. സ്കൂൾ തലങ്ങളിൽ കവിതാരചന, കഥാരചന, ഉപന്യാസ രചന അതിലെല്ലാം ആക്ടീവായി പങ്കെടുത്തിരുന്ന ഒരാളായിരുന്നു. ഇതൊക്കെയാണ് ആകെയുള്ള ഒരു മൂലധനം. പിന്നെ കവിതയും കഥയും എല്ലാം ഇതുപോലെ എഴുതി തുടങ്ങണമെന്ന് തോന്നാൻ കാരണം മായാകിരണിലെ കിരൺ ആണ്. കാരണം പുള്ളി ദുബായിലേക്ക് പോയി കഴിഞ്ഞപ്പോൾ ബ്ലോഗിങ്ങിന്റെയെല്ലാം തുടക്ക കാലഘട്ടമാണ്, 2007-2008 സമയമാണ്, ആ സമയങ്ങളിൽ പ്രവാസികൾ ആയിരുന്നു കൂടുതലും ഈ ബ്ലോഗിങ്ങിൽ ആക്ടീവ് ആയിട്ടുണ്ടായിരുന്നത്. അങ്ങനെ പുള്ളി കുറച്ചുനാള് പുള്ളിയുടെ അനുഭവങ്ങൾ ഇങ്ങനെ ഇരുന്നു എഴുതിയിരുന്നു. അതിൻറെ ചൂട് പിടിച്ച് ഞാൻ എന്റെ അനുഭവങ്ങൾകവിതകളായി എഴുതാൻ തുടങ്ങി. ഇൻസ്റ്റഗ്രാമിൽ അധികം ഫോളോവേഴ്സ് ഇല്ലായിരുന്നുവെങ്കിൽ കൂടി അതായിരുന്നു തട്ടകം. പിന്നീട് ഒരു കാലഘട്ടത്തിൽ ഭയങ്കരമായി വായിക്കുമായിരുന്നു. പഠിത്തമൊക്കെ വന്നപ്പോൾ ഒരു ബ്രേക്ക് വന്നു. അങ്ങനെയൊരു ഏഴോ എട്ടോ കൊല്ലം എന്റെ വായന പൂർണമായി നിന്നുപോയി. പിന്നീട് ബ്ലോഗിങ്ങിന്റെ കാലഘട്ടം വന്നപ്പോഴേക്കും ഞാൻ ബാക്ക് ടൂ റീഡിങ്ങിലേക്ക് തിരിച്ചുവന്നു. ഞാൻ ഒരു 2012 സമയത്ത് ബഹറിനിലേക്ക് എത്തിയ സമയത്ത് അവിടെ ഉണ്ടായിരുന്ന കൂട്ടായ്മകളിൽ പലതും നന്നായി എഴുതുന്നവരുടെ ആയിരുന്നു. അങ്ങനെ ഞാൻ വീണ്ടും തിരിച്ച് എഴുത്തിലേക്ക് വന്നു. 2013-14 കാലഘട്ടത്തിൽ ഞാൻ എഴുതിയിട്ടുള്ളൊരു നോവൽ അതൊരു മാന്ത്രിക നോവൽ ആയിരുന്നു. അത് ഫേസ്ബുക്ക് വഴിയാണ് ആദ്യം പബ്ലിഷ് ചെയ്തത്, അവിടെ നിന്നും വളരെ തെറ്റില്ലാത്ത ഒരു അഭിപ്രായം എനിക്ക് ലഭിച്ചു. അങ്ങനെയാണ് ഞാനത് പബ്ലിഷ് ചെയ്യുന്നതിലേക്ക് വരുന്നത്.

**ഡിജിറ്റൽ ബുക്കുകളിലൂടെയുള്ള വായനാശീലത്തെ എങ്ങനെ നോക്കിക്കാണുന്നു?**

ഡിജിറ്റൽ ബുക്സ് കൊറച്ചു കൂടി നല്ലതാണ്. ചില സമയങ്ങളിൽ പുസ്തകങ്ങളുടെ ഹാർഡ് കോപ്പികൾ ലഭിക്കുന്നത് എളുപ്പമല്ല. അതിനാൽ വായനക്കാർക്ക് ഹാർഡ്കോപ്പികളും സോഫ്റ്റ് കോപ്പികളും വായിക്കാം. വായനയാണ് പ്രധാനം. വായനയിൽ താൽപ്പര്യം വളർത്തിയെടുക്കുക എന്നതാണ് ആശയം. അത് രണ്ട് വഴികളിലൂടെയും ചെയ്യാം. അതിന് ഓരോരുത്തർക്കും അവർക്കിഷ്ടമുള്ള രീതി തിരഞ്ഞെടുക്കാം.

**പുസ്തകങ്ങൾ എല്ലാം തന്നെ ഇന്നത്തെ സമകാലീന പ്രശ്നങ്ങൾക്കു ഊന്നൽ നൽകുന്നതും സ്ത്രീകൾക്ക് വേണ്ടിയുള്ളതും മാനുഷിക ബന്ധങ്ങൾക്ക് പ്രാധാന്യം നൽകുന്നതും ആണ് ഇത്തരം വിഷയങ്ങളെക്കുറിച്ച് എഴുതാൻ പ്രേരിപ്പിച്ച കാരണങ്ങൾ എന്തൊക്കെയാണ്?**

സത്യത്തിൽ നമ്മൾ അത് ബോധപൂർവ്വം ചെയ്യുന്നതല്ല. പലപ്പോഴും ഞാൻ എഴുതുന്നത് ജോലി ചെയ്യുന്നതിനിടയിലും മക്കളെ നോക്കുന്നതിനും ഇടയിലുമായതുകൊണ്ട് കൂടുതൽ വൈകാരികമായിട്ടുള്ള കാര്യങ്ങൾ എഴുതുമ്പോൾ എന്റെ മൂഡ് സ്വിംഗ് കൂടും,

അത് ഫാമിലിക്ക് അകത്ത് പ്രശ്നങ്ങൾ ഉണ്ടാക്കും. അതുകൊണ്ടാണ് ഞാൻ കൂടുതലായും സയൻസ് അതുപോലെ തന്നെ റിയാലിറ്റിയുമായി ബന്ധമുള്ള ടോപ്പിക്കുകൾ കൂടുതലായിട്ടും ചൂസ് ചെയ്യാനായുള്ള കാരണം. അങ്ങനെ നമ്മൾ റിയാലിറ്റിയുമായി ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങൾ എഴുതുമ്പോൾ നമ്മൾ കാണുന്നതും കേൾക്കുന്നതും അനുഭവിക്കുന്നതും ആയിട്ടുള്ള കാര്യങ്ങൾ അറിയാതെ അതിൽ വന്നു പോകും, പിന്നെ മനപ്പൂർവ്വം എന്ന രീതിയിൽ ഞാൻ ചേർക്കുന്നത് നമ്മുടെ കറൻറ് അഫയേഴ്സ് ആണ്. അതുകൊണ്ടുതന്നെ ഞാൻ നമ്മുടെ ദിവസേനെ കാണുന്ന കാര്യങ്ങളും അപ്ഡേറ്റഡ് ആകുന്ന കാര്യങ്ങളും എഴുത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കാറുണ്ട്. എന്റെ "ദേജാ വു" എന്ന് പറയുന്ന പുസ്തകത്തിൽ ഞാൻ കൂടുതലും കോൺസെൻട്രേറ്റ് ചെയ്തിട്ടുള്ളത് ഫിനാൻഷ്യൽ ക്രൈംസിനെ പറ്റിയിട്ടാണ്. ഒരു ലിങ്ക് വന്നു കഴിഞ്ഞാൽ നമ്മൾ കണ്ണും പൂട്ടി അതിൽ ക്ലിക്ക് ചെയ്യാറുണ്ട്. എന്നാൽ ഇന്ന് നമ്മൾ ഒരു രണ്ടുവട്ടം അതിനെപ്പറ്റി ചിന്തിക്കും. വിചാരിക്കാത്ത രീതിയിലുള്ള പലതരത്തിലുള്ള ഫിനാൻഷ്യൽ ക്രൈംസ് ഇന്ന് നടക്കുന്നുണ്ട്. അതിനൊരുദാഹരണമാണ് ഡീപ് ഫേക്ക് വീഡിയോസ്. ഒരു സംവിധായകൻറെ രൂപത്തിൽ സംസാരിച്ച പൈസ തട്ടിയ ഒരു കേസ് നമ്മുടെ ഇന്ത്യയിലാണ് നടന്നത്. അങ്ങനെയുള്ള കറന്റഫയേഴ്സ് ഞാൻ എഴുത്തിലേക്ക് കൊണ്ടുവരാൻ ശ്രമിക്കാറുണ്ട്. ചിലപ്പോൾ അത് ഞങ്ങൾ ഞങ്ങളുടെ ഫാമിലിയുടെ ഇടയിൽ സംസാരിക്കുന്നതാവാം. എഴുതുന്നതിന്റെ ഇടയിൽ അത് വന്നു പോകും. പിന്നീട് വായിച്ചപ്പോൾ ഞാൻ തന്നെ എഴുതിയതാണോ എന്ന് തോന്നിപ്പിച്ച അവസ്ഥകൾ വരെ ഉണ്ടായിട്ടുണ്ട്. എഴുതുമ്പോൾ അത് അങ്ങനെ വന്നു പോകുന്നതാണ്. പക്ഷേ എന്റെ ഭാഷയെ പറ്റിയുള്ള കുറച്ച് ക്രിട്ടിസിസം ഞാൻ നേരിടുന്നുണ്ട് അത് പറയണമല്ലോ.



**ഇന്നത്തെ സാമൂഹിക വികസനത്തിൽ എഴുത്തുകാരുടെ പങ്ക് എന്താണ്?**

ബെന്യാമിൻ സാറിന്റെ 'മുല്ലപ്പൂനിറമുള്ള പകലുകൾ' അതുപോലെതന്നെ 'അൽ അറേബ്യൻ നോവൽ ഫാക്ടറി' ഈ രണ്ടു പുസ്തകങ്ങളും മിഡ്ലിൽ ഈസ്റ്റിൽ ബാൻ ചെയ്തു. എന്തുകൊണ്ടെന്നാൽ അവിടെ നടന്ന ഒരു സംഭവം, ഒരു വിപ്ലവവുമായിട്ട് ഇത് ഡിറെക്ടലി കണ്ണക്ടഡ്ഡ് ആണ്. ഈ നോവലുകളുടെ ട്രാൻസ്ലേറ്റഡ് വേർഷനും അവിടെ അവൈലബിൾ ആണ്. ആ വേർഷൻസ് വായിച്ചാൽ ആളുകൾ ഭരണകൂടത്തിന്റെ എതിരെയോ അല്ലെങ്കിൽ ഒരു ചേരിതിരിവ് ഉണ്ടാവുമോ എന്ന് വിചാരിച്ച് അവർ അത് ബാൻ ചെയ്തു. ഇപ്പോ ചോദിച്ച ചോദ്യത്തിന്റെ ഉത്തരവും അതാണ്. ഒരു എഴുത്തുകാരൻ വിചാരിച്ചാൽ ഒരു സമൂഹത്തിൽ ഭിന്നിപ്പും ഉണ്ടാക്കാം അതുപോലെതന്നെ യൂണിറ്റിയും ഉണ്ടാക്കാം. രണ്ടും അവിടെ പോസ്സിബിൾ ആണ്. അതുപോലെതന്നെയാണ് ഒരു സിനിമ. ദൃശ്യം എന്ന് പറയുന്ന സിനിമ. സിനിമയാവുന്നത്തിനുമുമ്പ് അതൊരു തിരക്കഥയായിരുന്നു. ഒരു എഴുത്തുകാരന്റെ ചിന്തകളിൽ വന്ന തിരക്കഥ. ആ തിരക്കഥ വിഷ്വൽ രൂപത്തിലേക്ക് വന്നപ്പോഴേക്കും എത്രപേർ ആ ഒരു ഫോർമാറ്റ് ട്രൈ ചെയ്തു നോക്കി. നമ്മൾ എഴുതുന്ന കാര്യങ്ങളാണേലും കാണുന്ന കാര്യങ്ങളാണേലും സമൂഹത്തോട് റെസ്പോണ്സിബിൾ ആയിട്ട് ചെയ്യണം. അതല്ലെങ്കിൽ സമൂഹം അത്രക്കും അപ്ഡേറ്റഡ് ആയിരിക്കണം. ഇത് മീഡിയ ആണ് ആ സെൻസിലാണ് നമ്മൾ എടുക്കേണ്ടത് എന്നുള്ള ബോധ്യം സമൂഹത്തിനും ഉണ്ടാവണം. പക്ഷെ അൺഫോർചുനേറ്റ്ലി ഇപ്പോൾ സമൂഹത്തിന്റെ അവസ്ഥ എങ്ങനെയെന്നുവച്ചാൽ സ്കൂളിൽ പഠിക്കുന്ന അല്ലെങ്കിൽ കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് തെറ്റും ശെരിയും തിരിച്ചറിയാൻ പറ്റാത്ത അവസ്ഥയാണ്. ആ ഒരു സമൂഹത്തിന്റെ അകത്തേക്കാണ് നമ്മൾ ഒട്ടും പൊളിറ്റിക്കലി കറക്ടല്ലാത്ത കാര്യങ്ങൾ ഗ്ലോറിഫൈ ചെയ്തു വിടുന്നതെങ്കിൽ അത് ഉണ്ടാക്കുന്ന ഇമ്പാക്ട് വളരെ വലുതാണ്. അത് ഈ ഫോർമാറ്റ് എന്നൊന്നും ഇല്ല. വിഷ്വൽ ആയാലും ലിറ്ററൽ ആയാലും ഏത് മീഡിയ ആയാലും നമ്മൾ ചെയ്യുന്ന ഇമ്പാക്ട് രണ്ടോ മൂന്നോ കൊല്ലങ്ങൾക്കുള്ളിലാണ് അത് പുറത്തുവരിക. മിഡ്ലിൽ ഈസ്റ്റിലൊക്കെ ചെറിയ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ പോലും ആ നോവൽ ആവട്ടെ സിനിമായാവട്ടെ അതവർ പുറത്ത് കാണിക്കുന്നില്ല. അവരാണ് ക്ലീറൻസ് സർട്ടിഫിക്കറ്റ് കൊടുക്കുന്നത്. നമ്മുടെ ഇവിടെ സർട്ടിഫിക്കറ്റിന്റെ അവസ്ഥ എന്തെന്നാൽ കട്ട് ചെയ്ത ഭാഗങ്ങൾ വീണ്ടും എടുത്ത് ഷോർട്സായിട്ട് ഇടും. ആ ഷോർട്സ് ഇടാനായിട്ട് പെർമിഷൻ കൊടുക്കുന്നതാണ് നമുക്ക് പറ്റുന്ന തെറ്റ്. അതുകൊണ്ട് എഴുത്തുകാരൻ എപ്പോഴും റെസ്പോണ്സിബിൾ ആയിരിക്കണം. എഴുത്തുകാരന് തെറ്റ് എന്ന് തോന്നുന്ന കാര്യങ്ങൾ അത് സമൂഹത്തിന് ദോഷം ആണെങ്കിൽ അത് എഴുതാതിരിക്കുന്നതാണ് നല്ലത്. കാരണം അതിൽനിന്നും കിട്ടുന്ന കൈയ്യടി ഉറപ്പായിട്ടും ദഹിക്കില്ല. തെറ്റാണെങ്കിൽ എഴുതരുത്.

**സാഹിത്യലോകത്ത് മുദ്രപതിപ്പിക്കാൻ ശ്രമിക്കുന്ന ആളുകളോട്, പ്രത്യേകിച്ചും സ്ത്രീകളോട് എന്താണ് പറയാനുള്ളത് ?**

ആ ഒരു ചോദ്യത്തിന് ഉത്തരം പറയാൻ ഞാനായോ എന്ന് എനിക്കറിയില്ല. എങ്കിലും ഒരു വായനക്കാരി എന്ന നിലക്ക് ഞാൻ പറയാം. സ്ത്രീകൾ എഴുതുമ്പോൾ എപ്പോഴും സെൽഫ് കെയർ, സെൽഫ് ലവ്നെ കുറിച്ചാണ് കൂടുതലും എഴുതാറുള്ളത്. തീർച്ചയായും വേണം.

നമുക്കായിട്ട് കുറച്ചു സമയം മാറ്റിവെക്കണം. എങ്കിൽ മാത്രമേ നമുക്ക് മറ്റൊരാളുടെ കാര്യം ശ്രദ്ധിക്കാൻ പറ്റൂ. ഞാൻ ഒരു അമ്മയാണ്, ജോലിക്ക് പോകുന്ന ഒരു സ്ത്രീയാണ്, ഭാര്യയാണ്, അതുപോലെ തന്നെ ഒരു മകളും സഹോദരിയുമാണ്. ഈ എല്ലാ ഭാവത്തിലും നിൽക്കുന്ന ഒരാളാണ് ഞാൻ. സെൽഫ് കെയർ എന്നുള്ളത് ഞാൻ ചെയ്യുന്നുണ്ട്. ഒരു സിനിമ കാണാൻ, എനിക്കിഷ്ടപ്പെട്ടതു വായിക്കാൻ, ഇഷ്ടപ്പെട്ടത് ചെയ്യാൻ എനിക്ക് സ്വാതന്ത്ര്യമുണ്ട്. ഇങ്ങനെ ഒരു സിറ്റുവേഷനിലും വീണ്ടും വീണ്ടും സെൽഫ് കെയർ എന്നുപറഞ്ഞുകൊണ്ട് സ്വന്തം റെസ്പോണ്സിബിലിറ്റിയിൽനിന്നും മാറി നിൽക്കാൻ എനിക്ക് താൽപര്യമില്ല. കഥാപാത്രങ്ങളെ സൃഷ്ടിച്ച് കൈയ്യടിനേടുക ഷോർട്ട് ടേം മാത്രമാണ്. നമ്മളെ തകർക്കാൻ ശ്രമിക്കുന്ന ആൾക്കെതിരെ ഒരു ആയുധം പോലെ നമുക്കും നിൽക്കാം. പക്ഷെ, നമ്മുടെ റെസ്പോണ്സിബിലിറ്റിയിൽനിന്നും മാറുവാൻ വേണ്ടിയിട്ട് ഈയൊരു കാര്യം എടുത്തു പറയുന്നതിൽ താല്പര്യമില്ല. പിന്നെ, എല്ലായ്പ്പോഴും കരഞ്ഞുകൊണ്ടിരിക്കുന്ന കഥാപാത്രത്തെയും സ്വാർത്ഥത മാത്രം ചിന്തിക്കുന്ന കഥാപാത്രത്തെയും സ്ത്രീകൾ എഴുതുന്നതിൽ താല്പര്യമില്ല. എപ്പോഴും ലോജിക്കലായിട്ട് ചിന്തിക്കണം. എം ടി യുടെ 'മഞ്ഞ്' പോലെയുള്ള കൃതികളിൽ സ്ത്രീകഥാപാത്രങ്ങൾ വളരെ വീക്കാണ്.

**ഒരു സിനിമ കാണാൻ, എനിക്കിഷ്ടപ്പെട്ടതു വായിക്കാൻ, ഇഷ്ടപ്പെട്ടത് ചെയ്യാൻ എനിക്ക് സ്വാതന്ത്ര്യമുണ്ട്. ഇങ്ങനെ ഒരു സിറ്റുവേഷനിലും വീണ്ടും വീണ്ടും സെൽഫ് കെയർ എന്നുപറഞ്ഞുകൊണ്ട് സ്വന്തം റെസ്പോണ്സിബിലിറ്റിയിൽനിന്നും മാറി നിൽക്കാൻ എനിക്ക് താൽപര്യമില്ല.**





പക്ഷെ, കാത്തിരിപ്പ് എന്നുപറയുന്ന ഒറ്റ വാക്കിലൂടെ അതിനുള്ളിലെ സ്ത്രീകഥാപാത്രങ്ങളെ ഗ്ലോറിഫൈ ചെയ്യുന്നുമുണ്ട്. ഈ കഥാപാത്രങ്ങൾ ഒരു സത്രീ എഴുതിയാൽ ഒന്നു ആലോചിച്ചു നോക്കൂ. എം ടി എന്നുപറയുന്ന വളരെ പ്രശസ്തനായ ഒരു പുരുഷൻ എഴുതിയതുകൊണ്ടാണ് അതു സ്വീകരിക്കപ്പെട്ടത്. ഈ സമയത്ത്, മഞ്ഞ് എന്ന കൃതിയിലെ വിമല എന്നുള്ള കഥാപാത്രത്തെ ഒരു സ്ത്രീ എഴുതിയിരുന്നെങ്കിൽ എത്രപേർ സ്വീകരിക്കുമായിരുന്നു? സ്വീകരിക്കില്ല. നിമ്ന വിജയ്യുടെ 'ഏറ്റവും പ്രിയപ്പെട്ട എന്നോട് എന്നുപറയുന്ന നോവൽ എനിക്ക് വളരെ ഇഷ്ടമാണ്. എന്റെ ഒരു ചിന്തയ്ക്ക് നേരെ എതിരായിരുന്നു ആ ഒരു നോവൽ. എന്നിട്ടും അത് ഇഷ്ടപ്പെട്ടത് എന്തുകൊണ്ടെന്നാൽ, ചതിക്കപ്പെട്ടിട്ടും ആ ഒരു ജീവിതത്തിൽ നിന്നും കരകയറാൻ അതിലെ കഥാപാത്രം വളരെയധികം ശ്രമിക്കുന്നുണ്ട്. അത് കുറേ പെൺകുട്ടികൾക്ക് ഉപകാരപ്രദമാണ്. അത് ശരിക്കും ഒരു ന്യൂ അറ്റംപ്റ് ആണ്. ആ ഒരു നോവൽ പല പബ്ലിഷേഴ്സും സ്വീകരിച്ചതുപോലുമില്ല. പബ്ലിഷ് ചെയ്തതിനുശേഷം കുറെയധികം പേർ അതിനെ സ്വീകരിച്ചു. ഞാൻ എന്നും ആ നോവേലിനൊപ്പമാണ്. മറ്റു സ്ത്രീകളിൽ നിന്നും വ്യത്യസ്തമായി നിമ്ന ചിന്തിച്ചു, എഴുതി, അത് വിജയിക്കുകയും ചെയ്തു. ഇതേ സംഭവം മറ്റൊരു നോവലിലും ഞാൻ കണ്ടു. അതിപ്പോൾ ഒരു ട്രെൻഡ് ആയി മാറിയിട്ടുണ്ട്. സെല്ഫ് ലവ് ഒക്കെ ഇപ്പോ ക്ലിഷേ ആണ്. കുറച്ചൊരു വിട്ടുവീഴ്ചയും കൂടെയുള്ളതാണ് ജീവിതം എന്നുള്ളത് ഒരു സ്ത്രീ എഴുതി കാണണം എന്ന് ആഗ്രഹിക്കുന്ന ഒരാളാണ് ഞാൻ. പുതിയ എഴുത്തുകാർ എന്നും ഒരു വെറൈറ്റി ആയിട്ട് വേണം ചിന്തിക്കാൻ. പുതിയ എഴുത്തുകാർ പുതിയ സ്ത്രീകഥാപാത്രങ്ങളെ വറൈറ്റിയായിട്ട് എഴുതുന്നത് കാണാൻ ആഗ്രഹിക്കുന്ന ഒരു വായനക്കാരി കൂടെയാണ് ഞാൻ.

**ത്രില്ലർസ് മുഖ്യവിഷയമായി കൃതികളിൽ പ്രതിഫലിക്കാറുണ്ട്. ഇത്തരത്തിലുള്ള ആശയം എഴുത്തിൽ അവതരിപ്പിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്? അവ വളർന്നുവരുന്ന പുതിയ തലമുറകളെ എങ്ങനെ ബാദിക്കുന്നു?**

എല്ലാവരും ത്രില്ലറുകൾ ആസ്വദിക്കുന്നതിനാൽ ത്രില്ലറുകൾ എഴുതാനാണ് ഞാൻ കൂടുതൽ ഇഷ്ടപ്പെടുന്നത്. എല്ലായ്പ്പോഴും ത്രില്ലറുകൾക്ക് ഒരു സ്കോപ്പ് ഉണ്ട്, അതിന് സാഹിത്യ ഭാഷയെക്കാൾ യുക്തി മാത്രമേ ആവശ്യമുള്ളൂ. ഇത് വർത്തമാനകാലത്തെ വായനക്കാരിൽ ഇടപഴകുകയും വരാനിരിക്കുന്ന വായനക്കാരിൽ വായനാ ചൈതന്യം ഉണർത്തുകയും ചെയ്യുന്നു.

**സമൂഹത്തെ രൂപപ്പെടുത്തുന്നതിലും മാറ്റത്തെ സ്വാധീനിക്കുന്നതിലും സാഹിത്യം മുഖ്യ പങ്കു വഹിക്കുന്നില്ലേ? ഈ സാമൂഹിക പ്രശ്നങ്ങൾ എഴുത്തിലൂടെ ചൂണ്ടിക്കാണിക്കുന്നത് എങ്ങനെയാണ് വായനക്കാരെ സ്വാധീനിക്കുന്നത്?**

വായനക്കാരെ സ്വാധീനിച്ചു എന്നുള്ളത് ഓരോരുത്തരുടെ കാഴ്ചപ്പാട് അനുസരിചല്ലേ. ഞാൻ 2020 പുറത്തിറക്കിയ ബ്രെയിൻ ഗെയിം എന്ന ത്രില്ലർ പുസ്തകത്തിലെ സാഹചര്യം ശരിക്കും ഉത്തർപ്രദേശിൽ നടന്ന ഒരു സംഭവമാണ്. ഒരു പോലീസ് എൻകൗണ്ടറായിരുന്നു പശ്ചാത്തലം.

ആ പുസ്തകം ഇറക്കിയതിനു ശേഷം എനിക്ക് ഒരുപാട് സോഷ്യൽ മീഡിയ മെസ്സേജസ് വരാറുണ്ടായിരുന്നു അതിൽ പോസിറ്റീവ് മെസ്സേജും ഉണ്ടായിരുന്നു. അതുപോലെ തന്നെ അത് എനിക്ക് ഒരുപാട് ഹേറ്റേഴ്സിനെ ഉണ്ടാക്കിത്തന്ന ഒരു വർക്കാണ്. അതുകൊണ്ട് എപ്പോഴും സാമൂഹിക പ്രശ്നങ്ങൾ സൂക്ഷിച്ചു വേണം എഴുത്തിൽ കൈകാര്യം ചെയ്യേണ്ടത്.

**നിങ്ങളുടെ എഴുത്ത് ഘട്ടങ്ങൾ ഞങ്ങളുമായി പങ്കിടാമോ? നിങ്ങളുടെ സൃഷ്ടികളുടെ ഗവേഷണം പ്ലോട്ടിങ് എന്നിവയെ നിങ്ങൾ എങ്ങനെയാണ് സമീപിക്കുന്നത്?**

ആദ്യം എഴുത്തിനോട് നല്ല താല്പര്യം വേണം. ഓരോരുത്തർക്കും ഓരോ രീതിയാണുള്ളത്. ഇൻസ്റ്റഗ്രാമിൽ നിന്ന് ഒരുപാട് ഐഡിയകൾ കിട്ടാറുണ്ട് ആദ്യം ഒരു കഥ മനസ്സിൽ വരുമ്പോൾ അത് ഒന്നോ രണ്ടോ പേജിൽ ആക്കി എഴുതി വയ്ക്കും. അതിനുശേഷം ആണ് കഥാപാത്രങ്ങൾ, സിറ്റുവേഷൻസ് എല്ലാം സെറ്റ് ചെയ്യുന്നത്. ചിലർ അതിനെ ഗ്രാഫിക്കൽ റെപ്രസന്റേഷൻ ആക്കും ചിലർ ഫ്ലോചാർട്ട് ആക്കി വയ്ക്കും. ക്ലൈമാക്സ് എപ്പോഴും കൺഫ്യൂഷൻ ആവും. അത് ഒരിക്കലും ഫോഴ്സ് ഫുള്ളി ചെയ്യാൻ പറ്റുന്ന ഒന്നല്ല ക്രാഫ്റ്റഡ് ആയിരിക്കും അത്. അതിന് കുറച്ച് കഷ്ടപ്പെടണം






# ഞാൻ

ഞാനാകുന്ന പുസ്തകത്തിൽ നിന്നും ഇതളുകൾ
പൊഴിഞ്ഞു തുടങ്ങിയിരിക്കുന്നു..
ഇനിയും എത്ര താളുകൾ ഉമിനീരിനാൽ അവഗണിക്കണം,
ഞാൻ എന്നിലെത്താൻ..
എൻ വിരലുകൾ എന്നെ തേടി ശര വേഗത്തിൽ
വാക്കുകൾ പിന്നിടവേ,
ഞാനാകുന്ന വാക്കിനെയോ വരികളെയോ
സ്പര്ശിക്കാനാവാതെ,
നിരാശ എന്നെ ചേർത്തുപിടിക്കുന്നു.
നിശയുടെ ഏകാന്തതയിൽ
നിരാശ സമ്മാനിച്ച ക്രോധത്തിനാൽ,
എന്റെ തിരച്ചിലിന് സമാപ്തികുറിച്ച്
ഉഴലുന്ന ചിന്തകളുമായി നിദ്രയെ പുൽകി.
ജനലഴികൾ ഭേദിച്ച് വെളിച്ചം എൻ കണ്ണിലെത്തി നിൽക്കുന്നു,
പിന്നെന്തിനു ഞാൻ ശങ്കിക്കുന്നു കണ്ണുകൾ തുറക്കാൻ...?
മനസ്സിനെ പാകപ്പെടുത്തി കണ്ണുകൾ വലിച്ചുതുറന്നു.
ആ നിമിഷം ഞാൻ അറിഞ്ഞു
"ഞാൻ" എന്ന സ്വത്വം
പിന്നെ എന്തിന് ഞാൻ എന്നെ തേടി
പുസ്തകത്താളുകൾ അലഞ്ഞു നടന്നു..?
ഇല്ല ഇനി നേരമില്ല ചമയങ്ങൾക്ക്
ദുർഗന്ധം വമിക്കുന്ന കറുത്ത പാടുകളെ,
ചങ്ങലയിൽ നിന്നും മോചിപ്പിച്ച്
ഇരു ചിറകുകളും വാനിൽ ഉയർത്തിയടിച്ച്,
ഇനി ഒരു വേടനും കീഴടക്കാനാവാതെ
പുത്തൻ നിറങ്ങൾ തേടി
ഞാനിതാ പറന്നുയരുന്നു..



GREESHMA M
Mathematics Option








Harishma M H

Social Science Option



# IT'S THE LITTLE THINGS!!

It's the little things!!!
What makes me happy??
I asked myself a thousand times...
To some, building huge bungalows and treating themselves to jewels makes them happy.
To others, buying a new car is happiness.
But do they define your happiness?
Of course, treating oneself with all these can make us happy.
But can happiness occur in a split second?
Then what makes you happy the most??
These thoughts kept humming in my mind.
But then I saw a boy enjoying strawberry cone ice cream on that hot, blazing afternoon.
He was savoring the delicacy with slow movements.
As he licked it, the sugary frozen dessert brought a fusion of satisfaction and delight to his face.
Suddenly, something struck my mind.
It's the little things!!!
I realized the secrets behind my effortless happiness.
A hot coffee following a hectic day, hot showers on cold evenings,
a rainbow after a storm, a night ride, good music, playing with pets,
reading a book and loving it, an accidental meet-up with an old friend,
enjoying concerts,
trying out weird things with friends, a day out with your loved ones, and what not???!!!
This list longs, and definitely that's not the end..
I realised.



Syama M
English Option



# കുന്നിക്കുരു

ഇന്നലെവരെ ഒരു കുളിര്മഴയായി ആസ്വദിച്ചിരുന്ന മഴ ഇന്നൊരു കൂരമ്പുകളായ് മുഖത്തേക്ക് പതിക്കുന്നത് പോലെയാണ് നന്ദുവിനപ്പോൾ തോന്നിയത്. താൻ കേട്ട വാർത്ത സത്യം തന്നെയാണോ എന്നുറപ്പിക്കാൻ റയിൽവേ ട്രാക്കിലെ സിമൻറ് കട്ടകളെ പിന്നിലാക്കി നന്ദു ഓടിക്കൊണ്ടിരുന്നു.

ഇന്നലെ മീരയുടെ അച്ഛൻ വന്ന് തന്നോട് പറഞ്ഞ വാക്കുകൾ കേട്ട് നിശ്ചലനായി ഇരുന്നു അവൻ, "ഇനിയും എത്രകാലംന്നുവച്ചാ എന്റെ മോളെ നിനക്കായ് കാത്തുവയ്ക്കുന്നെ. കളിക്കൂട്ടുകാരുടെ സൗഹൃദം പ്രണയമായി വളർന്നു വലുതായപ്പോൾ എതിർപ്പുകാട്ടാത്തത് നിങ്ങളുടെ അടുപ്പം കണ്ടാണ്; പക്ഷെ, ആ പ്രണയംകൊണ്ടുമാത്രം ജീവിക്കാൻ സാധ്യമല്ല നന്ദു. ഒരു ജോലി കൂടെ വേണം; ഇനിയും നിനക്കായി കാത്തിരിക്കരുതെന്നു നീതന്നെ അവളെ പറഞ്ഞു മനസ്സിലാക്കണം. ഞങ്ങൾക്ക് അവളേ ഉള്ളൂ ഒരച്ഛന്റെ അപേക്ഷയാണ് തള്ളിക്കളയരുത്.

മീരയുടെ അച്ഛൻ ഇതും പറഞ്ഞു ഇറങ്ങിപോവുന്നത് കണ്ണ് നിറഞ്ഞതുകൊണ്ട് കാണാൻ കഴിഞ്ഞില്ല. അതിനു പുറകെയാണ് മീര കിണുങ്ങിക്കൊണ്ട് നന്ദേട്ടാ വിളിച്ചുകൊണ്ട് ഓടിവന്നു കയ്യിൽ കയറിപ്പിടിച്ചത്. കണ്ണീര് പെട്ടെന്ന് തുടച്ചുമാറ്റികൊണ്ടവൻ ദേഷ്യം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു

"എന്തിനാ ഇപ്പോഴും എന്നെ ഇങ്ങനെ ശല്യം ചെയ്യണേ. എനിക്കിനി നിന്നെ കാണേണ്ട. എന്നെ ആരും സ്നേഹിക്കേം വേണ്ട; ഇതൊന്നുമല്ല ജീവിതം. എന്നെക്കാണാൻ ഇങ്ങോട്ടിനി വരേണ്ട. എനിക്ക് നിന്നെ ഇഷ്ടമല്ല".

ആ വാക്കുകൾ മുഴുമിപ്പിക്കുന്നതിനു മുൻപേ അവൾ ഇറങ്ങിയോടി. ആ ഓട്ടം ചെന്നെത്തിയത് റെയിൽവേ ട്രാക്കിലേക്കായിരുന്നു. ആൾക്കൂട്ടത്തെ വകഞ്ഞുമാറ്റി നന്ദു നോക്കി. കഴിഞ്ഞ ഓണത്തിന് താൻ സമ്മാനിച്ച ആ മഞ്ഞ ദാവണി രക്തത്താൽ ചുവന്നിരുന്നു. ചിതറിതെറിച്ചുപോയ ആ കൈകൾ പകുതി ചുരുട്ടി പിടിച്ചിരുന്നു. അതിൽ ഒരുപിടി കുന്നിക്കുരുക്കൾ ആയിരുന്നു. അവൾ പറഞ്ഞ വാക്കുകൾ അവന്റെ കാതിൽ മുഴങ്ങിക്കേട്ടു.

"കല്യാണം കഴിഞ്ഞു നമ്മൾ ആദ്യം ഗുരുവായൂർ പോവുമ്പോൾ കണ്ണന് കൊടുക്കാനാ ഈ കുന്നിക്കുരുക്കള്.." എന്നിട്ട് കിലുകിലാ ചിരിക്കാൻ തുടങ്ങി.

പാതിയടഞ്ഞ ആ മിഴികൾ തന്നോട് പറയുന്ന പോലെ.

"ഇതൂടെ അതിലിട്ടാൽ ആ കുടുക്ക നിറയും നന്ദേട്ടാ.. ഒന്ന് കൊണ്ടിടോ.."

ആ കൈകൾ വിടർത്തി ചോരയിൽ പൊതിഞ്ഞ കുന്നിക്കുരു വാരിയെടുത്ത് നന്ദു ട്രാക്കിലൂടെ തിരിച്ചു നടന്നു. വീട്ടിലെത്തി കുന്നിക്കുരു നന്ദു ആ കുടുക്കയിൽ ഇട്ടു. ശെരിയാ ഒരുപിടി കുന്നിക്കുരു ഇട്ടതോടെ ആ കുടുക്ക നിറഞ്ഞു കവിഞ്ഞു. അത് കണ്ടതോടെ ആ നിറഞ്ഞ കുന്നിക്കുരു കുടുക്ക അവന്റെ കാഴ്ചയിൽ നിന്നും മറഞ്ഞു. നന്ദു നിലത്തു വീണു. ഒപ്പം അവൾക്കു വേണ്ടി മിടിച്ചിരുന്ന ആ ഹൃദയവും നിലച്ചിരുന്നു.



Anila A
Commerce Option








Syama M

English Option



# ALONE!

In the darkness of the stormy night
She lost in her plight
The rain falls hard upon her face
Masking the tears that she cannot erase

She walks alone, no one by her side
Searching for solace, a place to hide
The thunder roars, the lightning strikes
But she carries on, no fear in her eyes

Her heart is heavy, burdened with pain
Aching for love that never came
She longs for a touch, a gentle hand
To comfort her in this lonely land

The wind howls around her, a haunting sound
But she is deaf to it, lost in her thoughts profound
She knows she must keep moving forward
Even when the night seems endless and untoward

The storm rages on, but she remains steadfast
Determined to find peace at last
For even in the darkest of nights
There is always a glimmer of light

So she trudges on through the rain and the cold
Hoping to find a warm embrace to hold
A beacon of hope in the midst of the storm
A place where her lonely heart can finally be warm.



**Neema Surendran**
